മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ), (ബി) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിമുക്തഭടൻമാരെ പരിശീലിപ്പിക്കുന്ന പദ്ധതി (പെക്സം) ഒരു പരീക്ഷണം എന്ന നിലയിൽ തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്നു.

(സി) ടി. വി. റിപ്പയർ, വയർമെൻ, ഇലക്ട്രീഷ്യൻ, റെഫ്രിജറേറ്റർ, മെക്കാനിക്ക് ഗാർഹിക ഉപകരണങ്ങളുടെ റിപ്പെയർ എന്നീ കോഴ്സുകൾക്കും താൽപ്പര്യമുള്ള വിമുക്തഭടൻമാർ കൂടുതൽ ഉണ്ടെങ്കിൽ ആട്ടോറിക്ഷാഡ്രൈവിംഗ്, പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്കും ഈ വർഷം വിമുക്തഭടൻമാരെ തെരഞ്ഞെടുക്കുന്നുണ്ട്.

(ഡി) സൈനിക സേവനത്തിൽ നിന്നും പിരിഞ്ഞുവന്ന ശേഷം സ്വയം തൊഴിലോ വ്യവസായമോ നടത്താൻ ആഗ്രഹിക്കുന്ന 50 വയസ്സ് കഴിയാത്ത വിമുക്തഭടൻമാരെയാണ് പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്.

(ഇ) തിരുവനന്തപുരത്ത്–പരീക്ഷണമെന്ന നിലയിൽ മാത്രം.

(എഫ്) ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സൈനികക്ഷേമ ആഫീസർ കൺവീനറുമായിട്ടുള്ള ഒരു കമ്മിറ്റി വഴിയാണ് പരിശീലന പരിപാടി നടപ്പിലാക്കുന്നത്.

(ജി) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിമുക്തഭടൻമാരെ പരിശീലിപ്പിക്കുന്നതിനും കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി അനുസരിച്ച് (പെക്സം) സംസ്ഥാന സംയുക്ത ക്ഷേമനിധിയും കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള പുനരധിവാസ ഡയറക്ടർ ജനറലും തുല്യമായി 75 വിമുക്തഭടൻമാർക്ക് പരിശീലനം നൽകാനുള്ള ചെലവ് വഹിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ് : ഒരു പരീക്ഷണമെന്ന നിലയിൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ എത്ര പേരെ ചേർക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : 75 പേരെയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ് : പരിശീലനത്തിന് വരുന്ന ആളുകൾക്ക് പ്രത്യേകമായി സാമ്പത്തിക ആനുകൂല്യമോ സ്റ്റൈപ്പൻഡോ മറ്റോ—നൽകുന്നതിന് പ്രത്യേകം സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : 250 രൂപ വീതം മാസംതോറും സ്റ്റൈപ്പൻഡ് കൊടുക്കും.

നോൺപ്ലാൻ ഇനത്തിലുള്ള പഞ്ചായത്തു ഗ്രാൻറ്

*279. [300] ശ്രീ. എ. കെ. പത്മനാഭൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി. കെ. അബ്ദു :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോൺപ്ലാൻ സ്കീമിൽപ്പെടുത്തി പഞ്ചായത്തുകൾക്ക് ഏതെല്ലാം ഇനങ്ങൾക്കാണ് ഇപ്പോൾ ഗ്രാൻറ് നൽകുന്നത് :

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പെഷ്യൽ ഗ്രാൻറ് കൊടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(സി) സ്പെഷ്യൽ ഗ്രാൻറ് ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക നൽകിയിട്ടുണ്ട് ;

(ഡി) ഓരോ വർഷവും കൊടുത്ത തുക എത്ര വീതം ; ഏതെല്ലാം പഞ്ചായത്തുകൾക്ക് ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) സ്പെഷ്യൽ ഗ്രാൻറ്, കെട്ടിടനിർമ്മാണ ഗ്രാൻറ്, ഇനിഷ്യൽ ഗ്രാൻറ്, ബ്ലോക്ക് ഗ്രാൻറ്, എസ്റാബ്ലിഷ്മെൻറ് ഗ്രാൻറ്, ഗ്രാമറോഡുകളുടെ മരാമത്ത് പണികൾക്കുള്ള ഗ്രാൻറ്, ചെറുകിട ജലസേചന ഗ്രാൻറ്, ലൈറിംഗ് ഗ്രാൻറ്, കുഴൽകിണർ കുഴിക്കുന്നതിന് ധനസഹായം, അഡ്ഹോക്ക് ഗ്രാൻറ്, ആരോഗ്യവകുപ്പിൽ നിന്ന് മാറിവരുന്ന കൺസർവൻസി കാർക്ക് ശമ്പളം നൽകാനുള്ള ഗ്രാൻറ്, ശുദ്ധജല വിതരണ സ്ഥാപനങ്ങൾക്ക് കേടുപാടുപോക്കലും സംരക്ഷണവും സംബന്ധിച്ച ഗ്രാൻറ്, ഓടകളും കക്കൂസും നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ്, റെയിൽവേ സംരക്ഷണത്തിനുള്ള ഗ്രാൻറ്, സ്പോർട്സ് ആൻറ് ഗെയിംസ് ഗ്രാൻറ്, ഒപ്പൺ എയർ തിയേറ്റർ ഗ്രാൻറ്, വെഹിക്കിൾ ടാക്സ്, കോമ്പൻസേഷൻ ഗ്രാൻറ് എന്നിങ്ങനെയുള്ള ഗ്രാൻറുകളിലാണ് പഞ്ചായത്തുകൾക്ക് ഗ്രാൻറ് നൽകുന്നത്.

(ബി) ഫണ്ടിൻറെ ലഭ്യതയനുസരിച്ച് പഞ്ചായത്ത് ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണവും വികസനവും, ആശുപത്രി കെട്ടിടങ്ങളുടെയും വാർഡിൻറെയും നിർമ്മാണം, വാട്ടർ സപ്ലൈ സ്കീം, സ്കൂൾ കെട്ടിട നിർമ്മാണം, കോടതി ഉത്തരവുകൾ നടപ്പിലാക്കൽ, പാലങ്ങളുടെ നിർമ്മാണവും മറ്റ് വികസന പ്രവർത്തനങ്ങളും, ചന്ത, കളിസ്ഥലം, പാർക്ക്, വെയിറ്റിംഗ്ഷെഡ്, ബാലവാടി, ലൈബ്രറി കെട്ടിടം മുതലായവയുടെ നിർമ്മാണത്തിനുവേണ്ടി സ്ഥലം എടുക്കുന്നതിന്, വെള്ളപ്പൊക്കകെടുതി മൂലമുള്ള ദുരിതാശ്വാസ പ്രവർത്തനം, ശ്മശാനങ്ങൾക്കുവേണ്ടി സ്ഥലം എടുക്കുന്നതിന്, ഫെറി സർവ്വീസിന്, സ്റാറ്റർഹൗസ് നിർമ്മിക്കുന്നതിന്, അഹമ്മദ് കുരുക്കൾ പഞ്ചായത്ത് ഭവൻറെ നിർമ്മാണത്തിന് സംഭാവന നൽകുന്നതിന്, പുതിയ റോഡുകളുടെ നിർമ്മാണത്തിന്, റോഡ് പണിക്ക് സംഭാവന നൽകുന്നതിനും തുടങ്ങിയ ആവശ്യങ്ങൾക്കാണ് സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുന്നത്. വികസന പ്രവർത്തനങ്ങൾ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പഞ്ചായത്തുകൾ, സാമ്പത്തിക പരാധീനത അനുഭവിക്കുന്ന പഞ്ചായത്തുകൾ എന്നിവയ്ക്കാണ് സ്പെഷ്യൽ ഗ്രാൻറ് അനുവദിയ്ക്കാറുള്ളത്. പരമാവധി 25,000 രൂപയാണ് ഗ്രാൻറ് അനുവദിക്കാറുള്ളത്. മുൻവർഷങ്ങളിൽ ഗ്രാൻറ് ലഭിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു.

(സി) 1982-83 മുതൽ 1985-86 വരെ 2,55,53,000 രൂപ നൽകിയിട്ടുണ്ട്.

(ഡി) 1982-83-ൽ 324 പഞ്ചായത്തുകൾക്ക് 52,00,000 രൂപ
1983-84-ൽ 446 പഞ്ചായത്തുകൾക്ക് 48,00,000 രൂപ
1984-85-ൽ 406 പഞ്ചായത്തുകൾക്ക് 62,41,000 രൂപ
1985-86-ൽ 388 പഞ്ചായത്തുകൾക്ക് 93,12,000 രൂപ

ശ്രീ. എ. കെ. പത്മനാഭൻ : ഗവൺമെൻറ് ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണംമൂലം പഞ്ചായത്തുകൾക്ക് അനുവദിച്ച ഗ്രാൻറ് ഈ കഴിഞ്ഞ വർഷങ്ങളിൽ എത്രയെങ്കിലും ലാപ്സായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം : പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. എ. കെ. പത്മനാഭൻ : ബഹുമാനപ്പെട്ട മന്ത്രി തന്നെ സബ്ജക്ട് കമ്മിറ്റിയിൽ ഈ കാര്യം പറയുന്നുണ്ട്. ജില്ലാ കളക്ടർമാരിൽ നിന്ന് റിപ്പോർട്ട് കിട്ടാത്തതു കാരണം ബേസിക്ക് ടാക്സ് ഇനത്തിൽ പഞ്ചായത്തുകൾക്ക് കൊടുക്കാനുള്ള തുക കൊടുത്തിട്ടില്ല. അത് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അത് കൊടുക്കാൻവേണ്ടി ജില്ലാ കളക്ടർമാർക്ക് ആവർത്തിച്ചാവർത്തിച്ച് കടലാസുകൾ അയച്ചിട്ടുണ്ട്. കണക്കു തരാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതു കിട്ടുന്ന മുറയ്ക്ക് പഞ്ചായത്തുകൾക്ക് ബേസിക്ക് ടാക്സ് കൊടുക്കും.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ രണ്ടുകോടി പത്തുലക്ഷം രൂപയാണ് ഈ സംസ്ഥാനത്ത് ആയിരം പഞ്ചായത്തുകൾക്ക് പല രൂപത്തിൽ ഗ്രാന്റായിട്ട് കൊടുത്തിട്ടുള്ളത്. ശരാശരി ഒരുലക്ഷം രൂപ പോലും ഈ ഗവൺമെന്റ് കൊടുത്തിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് ആവിഷ്ക്കരിച്ച ഏഴിനപരിപാടിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതിക്ക് ഈ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകാതെ കുഴപ്പത്തിലായ സംഭവം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. സി. എം. സുന്ദരം : അത് ഏതാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ പരിശോധിക്കാം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഭൂനികുതിയിനത്തിൽ പഞ്ചായത്തുകൾക്ക് കിട്ടേണ്ട തുക യഥാസമയം കിട്ടുന്നതിനുവേണ്ടി കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി ഗവൺമെന്റ് നിർബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടും അതിന്റെ ലിസ്റ്റ് തരുകയോ തുക കണക്കാക്കാതിരിക്കുകയോ ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : പണത്തിന്റെ ലഭ്യത അനുസരിച്ച് പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട്. മറ്റൊരു തടസ്സവും ഉണ്ടായിട്ടില്ല.

ശ്രീ. ടി. കെ. അബ്ദു : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞപ്പോൾ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് കെട്ടിടം കെട്ടുന്നതിന് സംഭാവന ചെയ്യാൻ അനുവാദമുണ്ട് എന്ന് പറഞ്ഞു. മുമ്പ് ഒരു ലോവർ പ്രൈമറി സ്കൂളിന് പതിനായിരം രൂപയും അപ്പർ-പ്രൈമറി സ്കൂളിന് പതിനയ്യായിരം രൂപയും കൊടുക്കാൻ നിയമമുണ്ടായിരുന്നു. ആ നിയമമനുസരിച്ച് പഞ്ചായത്തുകൾ ചില നോമിനികളെക്കൊണ്ട് കെട്ടിടം പണിതിട്ട് ഇന്ന് ഈ നിയമം ഇല്ലെന്ന് പറഞ്ഞ് അവർക്ക് പണം കൊടുക്കാതിരിക്കുന്നതിനെ സംബന്ധിച്ച് അന്വേഷിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : പരാതികൾ കിട്ടിയിട്ടുണ്ടെങ്കിൽ അതൊക്കെ അന്വേഷിക്കാം.

ശ്രീ. ടി. കെ. അറുമുഖൻ : സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ പഞ്ചായത്തുകളുടെ വിഹിതം കൊടുക്കാതെ ഗവൺമെന്റിന്റെ കയ്യിൽ സൂക്ഷിച്ചിട്ടുള്ളത് മൊത്തം എത്ര ലക്ഷം രൂപയാണ് ?

ശ്രീ. സി. എം. സുന്ദരം : അതിന് പ്രത്യേക നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. അറുമുഖൻ : ഏഴിനപരിപാടിയനുസരിച്ച് ഇടതുപക്ഷ ഗവൺമെൻറിൻെറ കാലത്ത് കമ്മ്യൂണിറ്റിഹാൾ, ശ്മശാനം, കളിസ്ഥലം ഇതെല്ലാം നിർമ്മിക്കാൻ പരിപാടിയുണ്ടായിരുന്നു. ആ പരിപാടി പൂർത്തിയാക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുമോ ?

ശ്രീ. സി. എം. സുന്ദരം : പൂർത്തിയാകാതെ കിടക്കുന്ന അത്തരം കെട്ടിടങ്ങൾക്ക്, പ്രത്യേക പരിഗണനകൊടുക്കും.

ശ്രീ. ടി. കെ. അറുമുഖൻ : പുതിയ വല്ല പദ്ധതിയും നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടോ ; കൊടുക്കാൻ തീരുമാനിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഏഴിനപരിപാടിയിൽ ഇപ്പോഴും പുതിയ പദ്ധതികളും ഒന്നും ഉണ്ടായിട്ടില്ല.

ശ്രീ. വി. വി. ജോസഫ് : സർക്കാരിൽ നിന്നും നൽകുന്ന റോഡ് മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിച്ച് പഞ്ചായത്തുകളും റോഡുകളും മെയിൻറനൻസ് നടത്തിക്കൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ പഞ്ചായത്തിലെ ഒരു പ്രധാന റോഡ് മാത്രം മെയിൻറനൻസ് നടത്തിയാൽ മതി, ബാക്കിയൊന്നും നടത്തേണ്ട എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടോ, അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടെങ്കിൽ അത്യാവശ്യം മെയിൻറനൻസിന് അനുവാദം നൽകുമോ ?

ശ്രീ. സി. എം. സുന്ദരം : ഇപ്പോഴും റോഡുകളും മോശമായി കിടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുകയാണെങ്കിൽ പണത്തിൻെറ ലഭ്യതക്കുറവുകൊണ്ട് അവർക്ക് കിട്ടേണ്ടതുക കിട്ടാതെപോയിട്ടുണ്ടാകാം, ചില സ്ഥലങ്ങളിൽ നോക്കാൻ ആളില്ലാതെവരാം. അതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളായിട്ടാണ് തോന്നുന്നത്. വിവരം കിട്ടിയാൽ പ്രത്യേകമായി ശ്രദ്ധിക്കാം.

മൽസ്യബന്ധന ബോട്ടുകൾക്ക് കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ

* 280. [301] ശ്രീ. സി. കെ. ചക്രപാണി :

,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മൽസ്യബന്ധന ബോട്ടുകൾക്ക് കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ സംസ്ഥാനത്തെ എത്ര ബോട്ടുകൾക്ക് നൽകാൻ കഴിയും ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

7 എച്ച്. പി. യുള്ള യന്ത്രങ്ങൾ ഘടിപ്പിച്ച നാലായിരത്തോളം മൽസ്യബന്ധന ബോട്ടുകൾക്ക് നൽകാൻ കഴിയും.

ശ്രീ. എം. വി. രാഘവൻ : മൊത്തം എത്ര ബോട്ടുണ്ട് ; ആ ബോട്ടുകൾക്ക് അത് തികയുമോ ; എങ്ങനെയാണ് വിതരണക്രമം ?

ശ്രീ. എ. എൽ. ജേക്കബ് : ഏഴായിരത്തിൽപരം ബോട്ടുകളാണ് ഉള്ളത്.

ശ്രീ. എം. വി. രാഘവൻ : മണ്ണെണ്ണ വിതരണം എല്ലാ സ്ഥലത്തും ഒരുപോലെയാണോ നടക്കുന്നത് ; അല്ലെങ്കിൽ എല്ലാ സ്ഥലത്തും ഒരുപോലെ നടത്താൻ തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് ഹോഴ്സ് പവർ അനുസരിച്ചാണ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly